LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി അജിതയുടെ അപേക്ഷ

300(2769) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി അജിത, വല്യോത്തുകോണം, താന്നിമൂട്, നെടുങ്കണ്ടം എന്നയാൾ ഭർത്താവ് ഷോക്കേറ്റ് മരണപ്പെട്ടതിനാൽ ധനസഹായം അഭ്യർത്ഥിച്ച് അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) അപേക്ഷകയ്ക്ക് അർഹതപ്പെട്ട ധനസഹായം അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്.

(ബി&സി) ഇടുക്കി ജില്ലാ പട്ടികജാതി വികസന ഓഫീസിൽ ലഭ്യമായിട്ടുള്ള അപേക്ഷയിന്മേൽ നെടുങ്കണ്ടം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ ശ്രീമതി അജിതയ്ക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം ഡയറക്ടർ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് നിലവിലുള്ള നിയമപ്രകാരം അർഹമായ ധനസഹായം അനുവദിക്കുന്നതാണ്.

സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പ

301(2770) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഏതെല്ലാം എൻ.ജി.ഒ.-കൾക്കാണ് മൈക്രോ ക്രെഡിറ്റ് വായ്പ അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കോർപ്പറേഷൻ ഓരോ സംഘടനയ്ക്കും നൽകിയ വായ്പ തുക, തീയതി, തിരിച്ചടവു കാലാവധി, പലിശ എന്നിവ വ്യക്തമാക്കുമോ;